©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram, Saturday<br>തിരുവനന്തപുരം, ശനി | 30th May 2009<br>2009 മേയ് 30<br>9th Jyaishta 1931<br>1931 ജ്യേഷ്ഠം 9 | No. നമ്പർ 969 |

## കേരള സർക്കാർ

വ്യവസായ (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (ആർറ്റി.) നമ്പർ 635/09/തൊഴിൽ. തിരുവനന്തപുരം, 2009 മേയ് 29.

**എസ്. ആർ. ഒ. നമ്പർ 430/2009.**—2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റ് (2008-ലെ 20) 4-ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെ പട്ടികയിൽ (2)-ാം കോളത്തിൽ പരാമർശിക്കുന്ന കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥരെ അവരുടെ പേരുകൾക്ക് നേരെ (3)-ാം കോളത്തിൽ പറയുന്ന പ്രദേശത്ത്, മേല്പറഞ്ഞ ആക്റ്റ് പ്രകാരമുള്ള അധികാരിത നല്കിക്കൊണ്ട്, അസസ്സിംഗ് ഓഫീസർമാരായി ഇതിനാൽ നിയമിക്കുന്നു, അതായത്:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.

33/1734/2009/DTP.

## പട്ടിക

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | അധികാരപരിധി |
|---|---|---|
| (1) | (2) | (3) |
| 1 | പ്രോജക്റ്റ് ഓഫീസർ (കയർ), ചിറയിൻകീഴ് | തിരുവനന്തപുരം ജില്ല |
| 2 | പ്രോജക്റ്റ് ഓഫീസർ (കയർ), കൊല്ലം | കൊല്ലം, പത്തനംതിട്ട ജില്ലകൾ (തിരുവല്ലയും കോഴഞ്ചേരിയും താലൂക്കുകൾ ഒഴികെ) |
| 3 | പ്രോജക്റ്റ് ഓഫീസർ (കയർ), കായംകുളം | ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളും പത്തനംതിട്ട ജില്ലയിലെ തിരുവല്ല, കോഴഞ്ചേരി താലൂക്കുകളും |
| 4 | പ്രോജക്റ്റ് ഓഫീസർ (കയർ), ആലപ്പുഴ | ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, ചേർത്തല, കുട്ടനാട് താലൂക്കുകൾ |
| 5 | പ്രോജക്റ്റ് ഓഫീസർ (കയർ), വൈക്കം | കോട്ടയം, ഇടുക്കി ജില്ലകൾ |
| 6 | പ്രോജക്റ്റ് ഓഫീസർ (കയർ), നോർത്ത് പറവൂർ | എറണാകുളം ജില്ല |
| 7 | പ്രോജക്റ്റ് ഓഫീസർ (കയർ), തൃശൂർ | തൃശൂർ ജില്ല |
| 8 | പ്രോജക്റ്റ് ഓഫീസർ (കയർ), പൊന്നാനി | മലപ്പുറം, പാലക്കാട് ജില്ലകൾ |
| 9 | പ്രോജക്റ്റ് ഓഫീസർ (കയർ), കോഴിക്കോട് | കോഴിക്കോട്, വയനാട് ജില്ലകൾ |
| 10 | പ്രോജക്റ്റ് ഓഫീസർ (കയർ), കണ്ണൂർ | കണ്ണൂർ, കാസർഗോഡ് ജില്ലകൾ |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**റാണി ജോർജ്ജ്,**

*അഡീഷണൽ സെക്രട്ടറി.*



## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ കയർ വികസന വകുപ്പിലെ ഡെപ്യൂട്ടി രജിസ്ട്രാർ/പ്രോജക്ട് ഓഫീസർ (കയർ) എന്നിവരുടെ പദവിയിൽ കുറയാത്ത ഏതെങ്കിലും ഉദ്യോഗസ്ഥനെയോ തുല്യ പദവിയിലുള്ള ഉദ്യോഗസ്ഥനെയോ ടി ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം അസസ്സിംഗ് ഓഫീസർമാരായി നിയമിക്കേണ്ടതും അവരുടെ അധികാരപരിധി നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണെന്ന് പ്രസ്തുത ആക്റ്റിലെ 4-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൻപ്രകാരം കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥരെ അസസ്സിംഗ് ഓഫീസർമാരായി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.